യുവാക്കളായ എഴുത്തുകാർക്കും വായനക്കാർക്കും വേണ്ടി

കേസരി ബാലകൃഷ്ണപിള്ള

യുവാക്കളായ എഴുത്തുകാർക്കും വായനക്കാർക്കും വേണ്ടി
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: പ്രസംഗങ്ങൾ)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Solitary Tree, painting by Caspar David Friedrich (1774–1840). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

യുവാക്കളായ എഴുത്തുകാർക്കും വായനക്കാർക്കും വേണ്ടി

ഇതൊരു മനോഹരമായ പ്രസംഗം വായിക്കാനുള്ള ക്ഷണമാണ്. കലയും സാഹിത്യവും ഒരു ഭാഷാ സമൂഹത്തിന് എത്ര പ്രധാനമാണ് എന്നറിയാൻ ഈ പ്രസംഗം ഉപകരിക്കുമെന്ന് ഞങ്ങൾ കരുതുന്നു.

കേസരി ബാലകൃഷ്ണപിള്ളയുടെ അറുപതാം പിറന്നാൾ ചടങ്ങാണ് സന്ദർഭം, അക്കാലത്തെ പ്രമുഖരായ എഴുത്തുകാർ ഒരിടത്ത് കൂടി, കേസരിയെ ആദരിക്കുന്നു. അവർ അദ്ദേഹത്തിന് ഒരു മംഗളപത്രം നൽകുന്നു. ജീവിതം കൊണ്ട് എന്ത് അർത്ഥമാണ് താൻ ആഗ്രഹിക്കുന്നത് എന്ന് മറുപടി പ്രസംഗത്തിൽ കേസരി പറയുന്നുണ്ട്. ഒപ്പം, യുവാക്കൾക്ക്, സമൂഹത്തിലും സാഹിത്യത്തിലും നിശ്ചിതമായും വേണ്ടുന്ന പരിഗണനയെ പറ്റിയും പറയുന്നു. അതാണ് ഞങ്ങളെ ആകർഷിച്ചത്. സാംസ്കാരിക സംബന്ധങ്ങളായ തന്റെ ആലോചനകളിൽ വരും തലമുറകളിലേയ്ക്ക് കൂടി പ്രസരിപ്പിക്കാനുള്ള ഊർജ്ജം കണ്ടെത്താൻ കേസരി എപ്പോഴും ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടാണ് ഇന്നും അദ്ദേഹത്തിന്റെ എഴുത്തുജീവിതം നമ്മെ തൊട്ടു നിൽക്കുന്നതും.

മലയാളത്തിലെ യുവാക്കളായ എഴുത്തുകാർക്കും വായനക്കാർക്കും വേണ്ടി ഞങ്ങൾ കേസരിയുടെ ഈ പ്രസംഗം പ്രസിദ്ധീകരിക്കുകയാണ്. ഇതിനോടുള്ള അവരുടെ പ്രതികരണങ്ങളറിയാൻ ഞങ്ങൾക്ക് ആഗ്രഹവുമുണ്ട്.

സായാഹ്ന പ്രവർത്തകർ.

എം. പി. പോൾ അദ്ധ്യക്ഷപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: 'രാഷ്ട്രീയ പ്രക്ഷോഭങ്ങളിൽ നിന്നും ജീവിതമത്സരങ്ങളിൽനിന്നും അകന്ന് ഏറെക്കാലമായി പൂർവ്വാർജ്ജിതവും സ്വയാർജ്ജിതവുമായ അസ്വാസ്ഥ്യങ്ങളോടു മല്ലിട്ടു ജീവിതം നയിക്കുന്ന ഈ അറുപതുകാരനെ അഭിനന്ദിക്കുന്നതിനാണു് അഖില കേരള പുരോഗമന സാഹിത്യ സമിതിയുടെ ആഭിമുഖ്യത്തിൽ ഈ സമ്മേളനം ഇവിടെ കൂടിയിട്ടുള്ളതു്. പുരോഗമനസാഹിത്യകാരന്മാർ ഒരു വ്യക്തിയെയും അധികം ആദരിക്കുന്ന കൂട്ടത്തിലല്ല; അവരിൽ അനേകം പേർ ഇന്നു പല കഷ്ടതകളും വിഷമതകളും സഹിച്ചു് ഇവിടെ എത്തിച്ചേർന്നതിന്റെ രഹസ്യമെന്താണു്. ശ്രീ. ബാലകൃഷ്ണപിള്ള ഇന്നു കേരളത്തിലുള്ള ഒരു ശക്തികേന്ദ്രമാണു്. ഇന്നത്തെ തലമുറ അറിയുന്നില്ല; അവർ അദ്ദേഹത്തെ നോക്കി പരിഹസിക്കുന്നു; ചിരിക്കുന്നു. പക്ഷേ, ഭാവിചരിത്രകാരന്മാർ അതറിയും. അവർ അദ്ദേഹത്തിന്റെ പ്രാധാന്യത്തെയും സംഭാവനകളെയും ശരിയായ കാഴ്ചപ്പാടിൽ ദർശിക്കും. ഇന്നു കേരളത്തിലെ ഒരു ബുദ്ധിജീവിക്കും ഇത്രയും അനുയായികളെ, ആളുകളെ, ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല. രാഷ്ട്രീയരംഗത്തു് വമ്പിച്ച കോലാഹലങ്ങൾ നടക്കുന്ന കാലമാണിതു്. ഇതിലൊന്നുംതന്നെ നിവർത്തനത്തിനുശേഷം അദ്ദേഹം നേരിട്ടു പങ്കെടുത്തിട്ടില്ല. ഡോക്ടർ രാധാകൃഷ്ണൻ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടു്, 'അസ്വതന്ത്രത അനുഭവിക്കുന്ന ജനത, ക്യാൻസർ പിടിപെട്ട ഒരു രോഗിയെപ്പോലെയാണു്' എന്നു്. അവർക്കു് അതിനെപ്പറ്റി ചിന്തിക്കാനേ നേരമുള്ളു. സ്വാതന്ത്ര്യം സമ്പാദിച്ചു കഴിഞ്ഞിട്ടും നമുക്കു് ആ രോഗം മാറിയിട്ടില്ല. ആ വിധത്തിലുള്ള രാഷ്ട്രീയരോഗം മാറാത്തതുകൊണ്ടാണു് ശ്രീ. പിള്ളയ്ക്കു് ഇന്നു് അഭിനന്ദനം കുറയുന്നതു്. എന്നാൽ അറിയേണ്ടവർ അദ്ദേഹത്തെ അറിയുന്നുണ്ടു്, അഭിനന്ദിക്കുന്നുണ്ടു്, ആരാധിക്കുന്നുമുണ്ടു്. ഇന്നു് ഒരു പുതിയ ചിന്താഗതി ഉദയം ചെയ്തിരിക്കുന്നു. രാഷ്ട്രീയകക്ഷിയിൽ ചേർന്നാൽ സർവ്വജ്ഞത്വം നേടി എന്നുള്ള മനോഭാവം. പാർട്ടിയിൽ ചേർന്നാൽ എന്തിനെയും പറ്റി വിദഗ്ദ്ധാഭിപ്രായം പറയാമെന്നായിട്ടുണ്ടു്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ സേവനങ്ങളുടെ ആകെത്തുക കണക്കാക്കി മനുഷ്യപുരോഗതിക്കു് അതു് എത്രമാത്രം ഉപയുക്തമായിട്ടുണ്ടു് എന്ന മാനദണ്ഡംവച്ചു നോക്കിയാൽ കേരളത്തിലെ ഒരൊറ്റ വ്യക്തിയും ഇദ്ദേഹത്തെപ്പോലെ ബഹുമാന്യത അർഹിക്കുന്നില്ല.

"സ്വതന്ത്രമായി ചിന്തിക്കുക," അതാണു് ശ്രീ. ബാലകൃഷ്ണപിള്ളയുടെ പാഠം. പ്രമാണാധിഷ്ഠിത ചിന്താപാരമ്പര്യമാണു് നമുക്കുള്ളതു്. 'തത്വമസി' എന്ന വാക്കിനെ അടിച്ചുപരത്തി വ്യാഖ്യാനിക്കുകയാണു പഴയ പതിവു്. എന്നാൽ, ഇന്നു് അതിനു പകരം "വർഗ്ഗസമരം" എന്ന പഞ്ചാക്ഷരി സ്ഥലം പിടിച്ചിരിക്കുന്നു. തീർച്ചയായും ഇതൊന്നും സ്വതന്ത്രചിന്തയല്ല.

കേസരിക്കു ഈവക പ്രകടനം അരോചകമാണെന്നു ഞങ്ങൾക്കു് അറിയാം. ഞങ്ങളുടെ മനസ്സമാധാനത്തിനാണു് ഞങ്ങൾ അദ്ദേഹത്തെ ഇപ്രകാരം പൂജിക്കുന്നതു്. അതുകൊണ്ടു് ഞങ്ങൾ ഞങ്ങളെത്തന്നെയാണു പൂജിക്കുന്നതു്; മാനിക്കുന്നതു്. മാനിക്കേണ്ടവനെ മാനിക്കുന്നതുകൊണ്ടു് മാനിക്കുന്നവനു തന്നെയാണു മാനം. ഞങ്ങളുടെ ഈ പ്രശംസകൾ കേരളീയരുടേതാണെന്നു് അദ്ദേഹം കരുതണം. ഞങ്ങൾ അദ്ദേഹത്തിനു ദീർഘായുസ്സും സകല മംഗളങ്ങളും ആശംസിക്കുന്നു' എന്നു പറഞ്ഞു എം. പി. പോൾ അദ്ധ്യക്ഷപ്രസംഗം ഉപസംഹരിച്ചു.

അടുത്തതായി കുററിപ്പുഴ കൃഷ്ണപിള്ള മംഗളപത്രം വായിച്ചു് അദ്ദേഹത്തിനു സമർപ്പിച്ചു. അദ്ദേഹത്തിനു ദീർഘായുസ്സ് നേർന്നു കൊണ്ടു് ദാമോദരമേനോൻ, തകഴി ശിവശങ്കരപ്പിള്ള, എ. കെ. ഗോപാലപിള്ള, എം. ഗോവിന്ദൻ, പി. എൻ. കൃഷ്ണപിള്ള, പൊൻകുന്നം വർക്കി, പി. കേശവദേവ്, കെ. രാമകൃഷ്ണപിള്ള, മുണ്ടശ്ശേരി മുതലായവരും ആശംസാപ്രസംഗങ്ങൾ നടത്തി. തുടർന്നു് ബാലകൃഷ്ണപിള്ള വേദിയിലെ ചാരുകസേരയിൽ ഇരുന്നുകൊണ്ടു് വിനീതഭാവത്തിലും ശാന്തമായ സ്വരത്തിലും നേരത്തെ എഴുതിത്തയ്യാറാക്കിയിരുന്ന മറുപടിപ്രസംഗം വായിച്ചു. ഉന്മേഷത്തോടെയാണു് പാരായണം ചെയ്തതെങ്കിലും ഒടുവിൽ കുറച്ചു ക്ഷീണിതനായി കാണപ്പെട്ടു.

മംഗളപത്രം

അങ്ങേയ്ക്ക് ഈവക പ്രകടനങ്ങളൊന്നും ഇഷ്ടമില്ലെന്ന് ഞങ്ങൾക്കറിയാം. എന്നിരുന്നാലും ഞങ്ങളുടെ സംതൃപ്തിക്കും ചാരിതാർത്ഥ്യത്തിനുമായി അങ്ങ് ഈ മംഗളപത്രം സ്വീകരിക്കാമെന്ന് സമ്മതിച്ചാൽ ഞങ്ങൾക്കുള്ള അളവറ്റ ആഹ്ലാദവും കൃതജ്ഞതയും ആദ്യമായി ഇവിടെ രേഖപ്പെടുത്തുന്നു.

കേരളത്തിലൊട്ടാകെയുള്ള സ്വതന്ത്രചിന്തകന്മാർക്ക്, പ്രത്യേകിച്ച് പുരോഗമനസാഹിത്യകാരന്മാർക്ക് അങ്ങയോടുള്ള കടപ്പാട്ട് നിസ്സീമമാണ്.

അങ്ങു കേരളത്തിന്റെ വൈജ്ഞാനികവും സാംസ്കാരികവുമായ പുരോഗതിയ്ക്ക് അടുത്തകാലത്ത് മറ്റാരേയുംകാൾ കൂടുതലായി മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ടെന്നുള്ളത് പക്ഷാന്തരമില്ലാത്ത ഒരു ചരിത്രവസ്തുതയാകുന്നു.

ഡോക്ടർ ജാൺസൺ ഗോൾഡ്സ്മിത്തിനെപ്പറ്റി പറഞ്ഞതുപോലെ അങ്ങ് കൈവച്ചിട്ടില്ലാത്ത വിജ്ഞാനശാഖയില്ല; കൈവച്ചിട്ടുള്ളതൊന്നും അലങ്കരിക്കാതെയുമിരുന്നിട്ടില്ല. അങ്ങേയ്ക്ക് ഏറ്റവും പ്രിയകരമായ പ്രാചീന ചരിത്രഗവേഷണത്തിൽ അങ്ങ് സമാർജ്ജിച്ചിട്ടുള്ള നൂതനജ്ഞാനസമ്പത്തിന്റെ മൂല്യം നിർണ്ണയിക്കുവാൻ ഇതേവരെ ഇന്നാട്ടിൽ ആർക്കും കഴിഞ്ഞിട്ടില്ല. അങ്ങു ആസൂത്രണം ചെയ്തിട്ടുള്ള കല്പകാലഗണനാ ഒരു നവീന ഗവേഷണ പദ്ധതിയെ ഉൽഘാടനം ചെയ്തിട്ടുണ്ടെന്ന് വിശ്വഭാരതിയിലെ ചൈനീസ് പ്രൊഫസർ അഭിപ്രായപ്പെട്ടിട്ടുള്ളത് ഞങ്ങൾ ഈ അവസരത്തിൽ അഭിമാനപൂർവ്വം സ്മരിക്കുന്നു. പൗരാണികത്വത്തിൽനിന്ന് അധികം മുന്നോട്ടു നീങ്ങാതിരുന്ന മലയാളസാഹിത്യത്തെ ഇരുപതാംനൂറ്റാണ്ടിലെ പുരോഗതിയിലേയ്ക്ക് കടത്തിവിട്ടത് അങ്ങയുടെ നേതൃത്വമാണെന്നുള്ളത് ഞങ്ങളോടൊപ്പം ഭാവിയിലെ ചരിത്രകാരന്മാരും സമ്മതിക്കുന്നതാണ്. പത്രലോകത്തിന് അങ്ങയുടെ "കേസരി" ഇന്നും ദുഷ്പ്രാപ്യമായ ഒരു മാതൃകയായി പരിലസിക്കുന്നു. വിമർശം, വിവർത്തനം, പരാമർശം എന്നിതുകൾ വഴിയായി അങ്ങ് ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തന്ന വിവിധ വിദേശീയ ഭാഷകളിലുള്ള ഉൽകൃഷ്ടങ്ങളായ അനേകം ഗ്രന്ഥങ്ങൾ എത്രയെത്ര സാഹിത്യകാരന്മാർക്കാണ് പ്രചോദനവും പ്രബുദ്ധതയും നൽകിയിട്ടുള്ളത്! മലയാളസാഹിത്യനിരൂപണത്തിൽ സാഹിത്യത്തിന്റെ വിശ്വവ്യാപകതയെ ആസ്പദമാക്കി "താരതമ്യവിമർശനം" എന്ന പദ്ധതി വെട്ടിത്തുറന്നതും അങ്ങല്ലാതെ മറ്റാരുമല്ല. മനുഷ്യത്വത്തെ അധഃപതിപ്പിക്കുന്ന ഇന്നത്തെ സാമൂഹ്യരാഷ്ട്രീയ വ്യവസ്ഥകളെ പാടെ തട്ടിമാറ്റി ശാസ്ത്രജ്ഞാനത്തിന്റെ പ്രകാശത്തിൽ ഒരു പുതിയ സമുദായത്തെ വാർത്തെടുക്കുന്നതിനുള്ള വിപ്ലവാത്മകമായ സംസ്കാരമാണ് അങ്ങ് നാനാപ്രകാരേണ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

ഇപ്രകാരം കേരളീയരുടെ ജീവിതമാർഗ്ഗത്തിൽ വെളിച്ചം വീശുന്ന ഒരു വിജ്ഞാനതേജസ്സായി പ്രശോഭിക്കുന്ന അങ്ങ് ഈ നിലയിൽ ഇനിയും ഏറെനാൾ ജീവിച്ചുകാണുവാൻ ഞങ്ങൾക്ക് ഭാഗ്യമുണ്ടാകട്ടെ എന്ന് അകമഴിഞ്ഞു ആശംസിച്ചുകൊണ്ട് ഞങ്ങൾ ഈ മംഗളപത്രം അങ്ങയ്ക്ക് സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

കേരളീയ സാഹിത്യകാരന്മാർ.

പറവൂർ,

27-9-1124

ശ്രീ ബാലകൃഷ്ണപിള്ളയുടെ മറുപടിപ്രസംഗം

അദ്ധ്യക്ഷനവർകളെ, മാന്യരെ, മഹതികളെ,

നിങ്ങളുടെ മംഗളപത്രത്തിനും ശുഭാശംസകൾക്കും എന്റെ അതിരറ്റ കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു. ഞാൻ ഒരു പ്രാസംഗികനല്ല. എഴുത്തുകാരൻ മാത്രമാണ്. അതുകൊണ്ട് എന്റെ സാധാരണ ലേഖനങ്ങളെപ്പോലെയുള്ള നെടുനെടുങ്കനും മുഷിപ്പനുമായ ഒരു പ്രസംഗം വായിച്ച് നിങ്ങളെ ഉപദ്രവിക്കുമെന്ന് ഭയപ്പെടേണ്ട. ഇത്തരം സന്ദർഭങ്ങളിൽ പതിവുള്ള അതിശയോക്തികൾ നിറഞ്ഞ മംഗളപത്രത്തിലും പ്രസംഗങ്ങളിലുമുള്ള ചില കാര്യങ്ങളെ സംബന്ധിച്ച് രണ്ടു വാക്കുവീതം പറയാൻ മാത്രമേ ഞാൻ തുനിയുന്നുള്ളു.

ആദ്യമായി എന്റെ ദീർഘായുസ്സിനായുള്ള നിങ്ങളുടെ ആശംസകളെപ്പറ്റി പറയാം. ഞാൻ ദീർഘായുസ്സു കാംക്ഷിക്കുന്നവനല്ല. കാരണം പറയാം. പണ്ട് ഗ്രീസിൽ തിയൊഫ്രാസ്റ്റസ് എന്നൊരു തത്വജ്ഞാനിയുണ്ടായിരുന്നു. ആരിസ്റ്റാട്ടിൽ എന്ന സുപ്രസിദ്ധനായ തത്വശാസ്ത്രജ്ഞന്റെ പ്രധാന ശിഷ്യനായിരുന്നു ഇദ്ദേഹം. തിയൊഫ്രാസ്റ്റസ് 81-ാമത്തെ വയസ്സിലൊ, 107-ാമത്തെ വയസ്സിലൊ മരിച്ചു എന്നാണ് ഐതിഹ്യം. മരിക്കുന്ന സമയത്ത് അദ്ദേഹം ഇങ്ങിനെ പറയുകയുണ്ടായി: “ജീവിതപ്രശ്നങ്ങളെക്കുറിച്ച് ശരിയായ ജ്ഞാനം ഉദിക്കുവാൻ തുടങ്ങുമ്പോൾ, മനുഷ്യായുസ്സ് അവസാനിക്കുന്നു. മനുഷ്യൻ ഇങ്ങിനെ അല്പായുസ്സായിപ്പോയതു് കഷ്ടമാണ്.” ഇന്നത്തെ ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടുത്തങ്ങളുടെ പോക്കുകണ്ടിട്ട് 120 വയസ്സ് മനുഷ്യന്റെ ആയുഷ്ക്കാലമായി അടുത്തുതന്നെ ഭവിച്ചേക്കുമെന്ന് തോന്നുന്നു.

ഞാൻ ഏറ്റവുമധികം ബഹുമാനിക്കുന്ന പഴയതത്വശാസ്ത്രജ്ഞന്മാരിൽ ഒരുത്തനാണ് ആരിസ്റ്റാട്ടിൽ. എങ്കിലും അദ്ദേഹത്തിന്റെ പ്രിയശിഷ്യനായ തിയോഫ്രാസ്റ്റസ്സിന്റെ അഭിപ്രായത്തോട് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ഇതിന് രണ്ടു കാരണങ്ങളുണ്ട്. ഒന്നു വ്യക്തിപരവും, മറ്റേതു താത്വികവും, വ്യക്തിപരമായ കാരണം ആദ്യം പറയാം. ആസ്ത്മാ (ഏങ്ങൽ, കാസശ്വാസം) എന്ന മാറാരോഗത്തോടുകൂടിയാണ് ഞാൻ ജനിച്ചതു്. മദ്ധ്യവയസ്സിന്റെ പ്രാരംഭത്തിൽ മറ്റു മൂന്നു മാറാരോഗങ്ങൾകൂടി സമ്പാദിക്കുകയും ചെയ്തു. കൂടാതെ ഒന്നിലധികം പരമദുഃഖങ്ങളും ഞാൻ അനുഭവിച്ചിട്ടുണ്ട്. ഇവ ജനിപ്പിക്കുന്ന നിത്യപീഡയാണ് മുമ്പു പറഞ്ഞ വ്യക്തിപരമായ കാരണം. അല്പായുസ്സ് എനിക്ക് ഇതിൽനിന്നുള്ള ഒരു രക്ഷാമാർഗ്ഗമാണുതാനും.

ഇനി താത്വികമായ കാരണം പറയാം. തിയോഫ്രാസ്റ്റസ്സിന്റെ കാലമല്ല ഇന്നത്തെ കാലം. ഇന്നത്തെ ജീവിതം പണ്ടത്തേതിനേക്കാൾ വളരെയധികം സങ്കീർണ്ണമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് ഒരു ഒറ്റ മനുഷ്യൻ എത്രയധികം ദീർഘായുഷ്മാനായിരുന്നാലും, അയാൾക്കു തന്റെ ജീവിതകാലത്തു ജീവിതപ്രശ്നങ്ങളെപ്പറ്റിയുള്ള ശരിയായ വിജ്ഞാനത്തിന്റെ ഒരു സാരമായ അംശം പോലും നേടുവാൻ സാധിക്കുന്നതല്ല. ഇന്നത്തെ പ്രകൃതിശാസ്ത്രജ്ഞരുടെ കണ്ടുപിടിത്തങ്ങളും ഇതുതന്നെ സ്ഥാപിച്ചിട്ടുണ്ട്. നാം വിചാരിച്ചിരുന്നതിൽ നിന്നു വളരെയധികം സങ്കീർണ്ണമായിട്ടുള്ളതാണ് പ്രകൃതി എന്ന് എയിൻസ്റ്റെയിന്റെ കണ്ടുപിടുത്തങ്ങളിൽനിന്ന് സിദ്ധിക്കുന്നു. ഒരു ഒറ്റ വ്യക്തിയുടെ അറിവിനകത്ത്—അയാൾ എത്രയധികം മഹാനായാലും, ദീർഘായുഷ്മാനായാലും ശരി—വരുന്നതല്ല പ്രകൃതിയുടെ മുഴുവൻ സങ്കീർണ്ണസ്വഭാവം. പ്രകൃതിയുടെ ഈ സങ്കീർണ്ണത അതിന്റെ ഒരു നിസ്സാരഘടകമായ മനുഷ്യജീവിതത്തിലും കാണാം. പല കാലങ്ങളിലും, പല സ്ഥലങ്ങളിലുമുള്ള അനേകം മനുഷ്യരുടെ നിരീക്ഷണങ്ങളും ചിന്തകളും താരതമ്യപ്പെടുത്തിപ്പഠിച്ചാൽ മാത്രമെ സത്യമെന്നു സാധാരണയായി പറഞ്ഞുവരുന്നതിലേയ്ക്കുള്ള ആദ്യത്തെ പടി കടക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ. മറ്റൊരുവിധത്തിൽ ഇതിനെ വിവരിക്കാം. വ്യക്തിപരമായ പ്രവർത്തനം കൊണ്ടല്ല, സാമുദായികമായ പ്രവർത്തനം കൊണ്ടുമാത്രമേ ജീവിതപ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ഈ സാമുദായികനിരീക്ഷണത്തിൽ ഒരു പണ്ഡിതന്റെയും ഒരു സാധാരണ മനുഷ്യന്റെയും ഒരു കുബേരന്റെയും ഒരു കുചേലന്റെയും ഒരു വൃദ്ധന്റെയും ഒരു യുവാവിന്റെയും നിരീക്ഷണങ്ങൾക്കും അനുഭവങ്ങൾക്കും ഒന്നുപോലെ പ്രാധാന്യമുണ്ടായിരിക്കും. പണ്ഡിതനും വൃദ്ധനും നിരീക്ഷണശക്തി ഏറിയിരിക്കുമെങ്കിലും ഇവർ എല്ലാം കണ്ടു എന്നു വരുന്നതല്ല. ഇവർ കാണാത്തതു സാധാരണ മനുഷ്യനും യുവാവും കണ്ടേക്കാം. അനുഭവത്തെ സംബന്ധിച്ച് സാധാരണ മനുഷ്യന്റെയും യുവാവിന്റെയും അനുഭവങ്ങൾക്ക് തീക്ഷ്ണത സാധാരണയായി കൂടിയിരിക്കും. അനുഭവങ്ങളുടെ പരപ്പല്ല, തീക്ഷ്ണതയാണ് മൗലിക കാരണങ്ങൾ കണ്ടുപിടിക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കാറുള്ളതും. ഇത്തരം സമുദായോന്മുഖമായ വീക്ഷണകോടിയാണ് ഇന്നു സകലരുടേയും നാവുകളിൽനിന്നു പുറപ്പെടുന്ന “സോഷ്യലിസം” എന്നതിന്റെ തത്വശാസ്ത്രപരമായ അടിസ്ഥാനവും.

രണ്ടാമതായി എനിക്ക് പറയുവാനുള്ളത് എന്നെപ്പോലെയുള്ള കിഴവന്മാരെ മാത്രം ബഹുമാനിക്കുന്ന നിങ്ങളുടെ പോക്കിനെപ്പറ്റിയാണ്. വാടിക്കരിയാൻ പോകുന്ന ചെടിക്ക് വളമിടാൻ പോകുന്നതുപോലെയുള്ള ഒരു പ്രവർത്തിയാണിത്. ചെടി മുളച്ചുതുടങ്ങുന്ന കാലത്തു വളമിട്ടാലേ ഫലം അധികം കിട്ടുകയുള്ളൂ. എന്നെപ്പോലെയുള്ള കിഴവൻ സാഹിത്യകാരിൽ കാണിക്കുന്ന കരുണയുടെ ഒരംശമെങ്കിലും യുവസാഹിത്യകാരന്മാരോട് കാണിക്കണേ എന്ന് ഞാൻ നിങ്ങളോടു അപേക്ഷിച്ചുകൊള്ളുന്നു. ഇവരുടെ സങ്കടങ്ങൾ ഇവരുമായുള്ള നിത്യസമ്പർക്കത്തിൽനിന്ന് എനിക്ക് നേരിട്ട് അറിയാം. പേരെടുത്ത മദ്ധ്യവയസ്കരും വൃദ്ധന്മാരുമായ സാഹിത്യകാരന്മാരുടെ കൃതികൾ മാത്രമേ നമ്മുടെ പ്രസിദ്ധീകരണശാലക്കാർ സ്വീകരിച്ചു വരുന്നുള്ളൂ. യുവാക്കന്മാരുടെ കൃതികൾ സ്വീകരിക്കണമെങ്കിൽ പേരെടുത്ത നിരൂപകരുടെ അവതാരിക കൂടിയുണ്ടായിരിക്കണം. ഇതു എല്ലാവർക്കും ലഭിക്കുവാൻ സ്വാഭാവികമായി സാധിക്കുന്നതല്ലല്ലോ. നിർമ്മാണസാഹിത്യകാരന്മാരെ അപേക്ഷിച്ച് നിരൂപകർക്കുള്ള സ്ഥാനം വളരെ നിസ്സാരമാണ്. ഭാവിതലമുറകൾ നിർമ്മാണസാഹിത്യകാരെ മാത്രമേ ഓർക്കുകയുള്ളൂ. നിരൂപകരെ അവർ മറന്നുകളയും. പ്രസാധകരുടെ ഈ നയം നിമിത്തം മുളച്ചു തുടങ്ങിയുടനെതന്നെ വാടിക്കരിഞ്ഞുപോകുന്ന ചെടികളുടെ സ്ഥിതിയാണ് മിക്ക യുവസാഹിത്യകാരന്മാർക്കും വന്നുചേർന്നിരിക്കുന്നത്. പ്രസിദ്ധീകരണശാലക്കാർ ഇതിൽ കുറ്റക്കാരല്ല. നിങ്ങളിലാണ് കുറ്റമാരോപിക്കേണ്ടത്. നിങ്ങൾ യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുമെന്നറിഞ്ഞാൽ പ്രസിദ്ധീകരണശാലക്കാർ ഇന്നത്തെ നയം മാറ്റും. സമുദായത്തിന്റെയും സാഹിത്യത്തിന്റെയും ഗുണത്തെ കരുതി മാത്രമല്ല, നിങ്ങളുടെ സ്വന്തം ഗുണത്തെ കരുതിയുംകൂടി, നിങ്ങൾ ഈ യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അല്പം ഭാവന പ്രയോഗിച്ചാൽ വ്യക്തിപരമായി നിങ്ങൾക്ക് ഇതിൽനിന്നുണ്ടാകുന്ന ഗുണങ്ങൾ എളുപ്പം മനസ്സിലാക്കാം. നിങ്ങളുടെ മക്കളുടെയും മരുമക്കളുടെയും മറ്റു കുടുംബബന്ധുക്കളുടെയും കൂട്ടത്തിൽ സാഹിത്യവാസനയുള്ള ചെറുപ്പക്കാർ ഉണ്ടെന്നു സങ്കല്പിക്കുക. വൃദ്ധസാഹിത്യകാരന്മാരെ മാത്രം പ്രോത്സാഹിപ്പിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പോക്ക് നിങ്ങൾ തുടർന്നുകൊണ്ടുപോയാൽ, ഇത്തരം വാസനയുള്ള നിങ്ങളുടെ കുടുംബബന്ധുക്കളെത്തന്നെ നിങ്ങൾ നശിപ്പിക്കുന്നതാണ്.

സാഹിത്യത്തിന് നിങ്ങളുടെ നയം മാറ്റത്തിൽ നിന്നുണ്ടാകുന്ന ഗുണത്തെപ്പറ്റി ഇനി പറയാം. പ്രായത്തിനു സാഹിത്യനിർമ്മാണശക്തിയോടുള്ള ബന്ധത്തെപ്പറ്റി ശാസ്ത്രീയ ഗവേഷണം നടത്തി “തലച്ചോറിന്റെ വളർച്ച” എന്നൊരു കൃതി ഒരു പത്തുനാല്പതു കൊല്ലത്തിനു മുമ്പ് ഡോണാൾഡ്സൺ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രസിദ്ധരായ കുറെയധികം എഴുത്തുകാരുടെ കൃതികളെ ആസ്പദിച്ചാണ് ഈ ഗവേഷണം നടത്തിയത്. സംഗീതജ്ഞരിലും ചിത്രകാരരിലും നൂറു ശതമാനം പേരും, കവികളിൽ 92 ശതമാനം പേരും, നോവലെഴുത്തുകാരിൽ 80 ശതമാനം പേരും, തത്വശാസ്ത്രജ്ഞരിൽ 60 ശതമാനം പേരും, നാല്പതു വയസ്സിനു മുമ്പ് ഉത്തമകൃതികൾ രചിച്ച് പ്രസിദ്ധി നേടിയിരുന്നു എന്ന് ഡോണാൾഡ്സൺ കാണിച്ചിട്ടുണ്ട്. നാല്പതു വയസ്സിന് മുമ്പ് മിക്ക സാഹിത്യകാരന്മാരും നാല്പതു വയസ്സിനു ശേഷം മിക്ക ചിന്തകരും ഉത്തമകൃതികൾ രചിച്ചു വരുന്നു എന്ന് ഇതിൽ നിന്നു അനുമാനിക്കാം. ഈ നിയമത്തിൽ നിന്നുള്ള ഏതാനും വ്യതിയാനങ്ങളും ഇല്ലാതില്ല. ഇവയുടെ സംഖ്യ കുറവു നിമിത്തം ഇവയെ നമുക്കു വിഗണിക്കാം. അടുത്തകാലത്ത് പ്രൊഫസർ ഹെയിഡ്‌ലർ, ഡാക്ടർ ലഹമാൻ എന്നീ മനഃശ്ശാസ്ത്രജ്ഞരും ഇതേപ്പറ്റി ഗവേഷണം നടത്തിയിരുന്നു. നാല്പതു വയസ്സു മുതൽക്ക് സാഹിത്യനിർമ്മാണശക്തി കുറഞ്ഞുവരുമെന്നുള്ള ഡോണാൾഡ്സന്റെ കണ്ടുപിടുത്തത്തെ ഈ നവീന ഗവേഷകരും പിന്താങ്ങുകയാണ് ചെയ്തിരിക്കുന്നത്. അപ്പോൾ സാഹിത്യത്തിന് പൂർവ്വാധികം അഭിവൃദ്ധി വേണമെങ്കിൽ യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചേ മതിയാവൂ എന്ന് സിദ്ധിക്കുന്നു.

ഇനി സാമുദായിക ഗുണത്തെപ്പറ്റി പറയാം. എന്നും ചലനാത്മകമായിരിക്കുന്ന ജീവിതം ഇന്നു പണ്ടത്തേക്കാൾ അധികം വേഗത്തിൽ പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തെപ്പറ്റിയുള്ള ഒരു വീക്ഷണകോടിയുടെ ആവിഷ്കരണമാണല്ലോ സാഹിത്യം. ദ്രുതഗതിയിലുള്ള ഇന്നത്തെ സമുദായ ജീവിതപരിവർത്തനം അതിവേഗം മനസ്സിലാക്കുവാനുള്ള ശക്തി യുവാക്കന്മാർക്ക് മാത്രമെയുള്ളൂ. കാരണം, ഇവരിൽ ശീലങ്ങൾ (Habits) ഉറച്ചിട്ടില്ലാത്തതാണ്. ഇതു നിമിത്തം യുവസാഹിത്യകാരന്മാർ വേണം സാഹിത്യത്തിൽ നമ്മെ നയിക്കേണ്ടതും. നാല്പതു വയസ്സു കഴിഞ്ഞാൽ ശീലമെന്ന ഒരു പുതിയ ഭാര്യ എല്ലാവർക്കും ലഭിക്കുമെന്ന് ഒരു ചിന്തകൻ പറഞ്ഞിട്ടുണ്ട്. സമുദായത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരണമായി ജീവിതരീതിയും മാറുന്നതിന് ശീലം തടസ്സമുണ്ടാക്കും. ഇതു നിമിത്തം സമുദായാഭിവൃദ്ധി കുറയുകയും ചെയ്യും. ഈ കുറവിനെ പരിഹരിക്കുന്നതിന് ശ്രമിക്കുകയാണ് യുവസാഹിത്യകാരന്മാർ ചെയ്തുവരുന്നത്.

സാമുദായിക പരിവർത്തനങ്ങൾ വളരെ മന്ദഗതിയിൽ മാത്രം വന്നുകൊണ്ടിരുന്ന പണ്ടത്തെ കാലത്തു ജനിച്ച ഒരു ആശയമാണ് കിഴവന്മാരോടുള്ള ബഹുമാനവും യുവജനങ്ങളോടുള്ള പുച്ഛവും.

ഇതിനും പുറമേ, സനാതനമായ സാമൂഹ്യമൂല്യങ്ങൾ സനാതനമായ സാഹിത്യതത്വങ്ങൾ എന്നിവയേയും താരതമ്യേന പരിവർത്തനരഹിതമെന്ന് പറയാവുന്ന പണ്ടത്തെക്കാലം ജനിപ്പിക്കുകയുണ്ടായി. പിന്നേയും, പണ്ട് ഇന്നത്തെ അത്ഭുതകരമായ ശാസ്ത്രീയപുരോഗതിയുണ്ടായിരുന്നില്ല. അതുകൊണ്ട് മനുഷ്യന്റെ പുരോഗതിക്ക് ഒരു അതിരുണ്ടെന്നും പണ്ടുള്ളവർ വിശ്വസിച്ചിരുന്നു. ഇന്നാകട്ടെ നവീന ശാസ്ത്രം പ്രയോഗിച്ചാൽ മനുഷ്യനുണ്ടാകുന്ന പുരോഗതിക്ക് അതിരില്ലെന്നുള്ള വിശ്വാസമാണ് നിലവിലിരിക്കുന്നതും. ഈ പുരോഗതിക്കുവേണ്ടി മുൻകൂട്ടി നിശ്ചയിച്ച ഒരു ശാസ്ത്രീയ പ്ലാൻ സമുദായമാകപ്പാടെ ആത്മാർത്ഥമായി അനുസരിച്ചു പ്രവർത്തിക്കുകയും വേണം. ഈ പ്ലാൻ നടപ്പാക്കുന്നതിൽ ഭാവനയും പരിവർത്തന വാസനയും ഏറ്റുന്ന യുവജനങ്ങൾക്ക് വൃദ്ധന്മാരെക്കാളധികം പ്രാധാന്യമുണ്ടായിരിക്കുകയും ചെയ്യും.

നിങ്ങൾ ഏതിനെയെല്ലാമാണ് ബഹുമാനിച്ചു വരുന്നതു് എന്ന് ഒന്നു ആലോചിച്ചു നോക്കുക. ശീലങ്ങൾ മുരടിച്ചതുകൊണ്ട് വലിച്ചാൽ നീളാത്ത വൃദ്ധമനസ്സ്, പരിവർത്തനരഹിതങ്ങളായ സാഹിത്യതത്വങ്ങളും സാംസ്കാരികമൂല്യങ്ങളും, ഇവയെയാണ് നിങ്ങൾ ആരാധിക്കുന്നത്. അതുകൊണ്ട് നിങ്ങളെ പണ്ടത്തെ ഗ്രീക്കുകഥയിലെ പ്രൊക്രസ്റ്റസ് എന്ന പ്രസിദ്ധനായ കൊള്ളക്കാരനോട് ഞാൻ ഉപമിക്കുന്നതു് ക്ഷമിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. ആഥൻസ് നഗരത്തിലേയ്ക്ക് പോകുന്ന വഴിയിലാണ് ഈ മനുഷ്യൻ പാർത്തിരുന്നത്. ഈ വഴിക്ക് പോകുന്നവനെ പിടികൂടി തന്റെ ഒരു ഇരുമ്പുകട്ടിലിൽ കിടത്തി ഇയ്യാൾ അവനെ അതിനോട് വരിഞ്ഞുകെട്ടും. ആ വഴിപോക്കന്റെ ഉടൽ നീളം കട്ടിലിന്റെ നീളത്തേക്കാൾ കുറഞ്ഞിരുന്നാൽ ഇയ്യാൾ അവനെ അതിനോടൊപ്പം വലിച്ചുനീട്ടിക്കൊല്ലും. ഉടൽ നീളം കട്ടിലിന്റെ കൂടിപ്പോയാൽ അവന്റെ ശരീരത്തെ വെട്ടിക്കുറച്ചാണ് അവനെ കൊല്ലുന്നത്. ഈ കൊള്ളക്കാരനെ പ്രസിദ്ധനായ തെസിയൂസെന്ന ആഥൻസ് രാജാവ് ഒടുക്കം കൊന്നു എന്നാണ് ഐതിഹ്യം. നിങ്ങളുടെ ഇരുമ്പു കട്ടിലല്ല, പിന്നെയോ വലിച്ചു കുറെയധികം നീട്ടാവുന്നതും കുറെ അധികം കുറയ്ക്കാവുന്നതുമായ സ്പ്രിംഗ് കട്ടിലാണ് സാഹിത്യാഭിവൃദ്ധിക്ക് വേണ്ടത്. ഇങ്ങിനെയുള്ള ഒരു സ്പ്രിംഗ് കട്ടിലുണ്ടാക്കുന്നതിനുള്ള ഒരു എളിയ ശ്രമമാണ് ഞാൻ ഭാഷാസാഹിത്യലോകത്തു് നടത്തി വന്നത്. ജാതിയോ മതമോ സ്ഥലമോ വയസ്സോ നോക്കി ഞാൻ ഒരു സാഹിത്യകാരനേയും കട്ടിലിൽ കിടത്തി അതു വലിച്ചു നീട്ടുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്തിട്ടില്ല. വിശ്വസാഹിത്യത്തിൽ കാണാവുന്ന വിവിധ സാഹിത്യപ്രസ്ഥാനങ്ങളുടെ പ്രത്യേക ലക്ഷണങ്ങളനുസരിച്ച് മാത്രമേ ഞാൻ നീട്ടലും കുറയ്ക്കലും ചെയ്തിട്ടുള്ളൂ.

എന്റെ ഗവേഷണവേലയെപ്പറ്റി നിങ്ങൾ പ്രസ്താവിച്ചിട്ടുള്ളതിലേയ്ക്ക് കടക്കുന്നതിനുമുമ്പ് പുരോഗമനസാഹിത്യകാരന്മാരെപ്പറ്റി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. അതിവേഗം മാറിമാറിവരുന്ന സമുദായജീവിതത്തിന്റെ വിവിധ വശങ്ങൾ അനുഭവമോ, സൂക്ഷ്മനിരീക്ഷണമോ മുഖേന മനസ്സിലാക്കി നിങ്ങളെ അതു ധരിപ്പിച്ചും അതിനെപ്പറ്റി ചിന്തിപ്പിച്ചും നാശത്തിൽ നിന്നും രക്ഷിക്കുന്നവരാണ് പുരോഗമനസാഹിത്യകാരന്മാർ. ഇതുകൊണ്ടാണ് ഒരു ലേഖനത്തിൽ ഞാൻ സമുദായസേവകരായ ഇവർക്ക് സമുദായത്തിലെ വിഷംതീനികൾ എന്ന പേരിട്ടിരുന്നതും. പുരോഗമനസാഹിത്യകാരന്മാരെപ്പറ്റി വലിയ ഒരു തെറ്റിദ്ധാരണയുണ്ട്. അവർ തെറിയന്മാരാണെന്ന് ഒരു കൂട്ടർ. വിപ്ലവകാരികളാണെന്ന് മറ്റൊരു കൂട്ടരും. സനാതനങ്ങളായ സാംസ്കാരികമൂല്യങ്ങളെ നശിപ്പിക്കുന്ന കാടന്മാരാണെന്നു ശേഷിച്ചവരും വിചാരിച്ചു വരുന്നു. ഈ ആക്ഷേപങ്ങൾ വാസ്തവമാണ്. “ഫങ്ക്ഷനാലിസം” എന്ന് ഇന്നത്തെ നിരൂപകർ പേരിട്ടിട്ടുള്ള ഒരു തത്വത്തിന്റെ ഫലമാണിത്. ഇതു ഇന്നത്തെ സകല കലകളിലും പ്രവേശിച്ചു തുടങ്ങിയിരിക്കുന്നു. ഒരു കൃതിയുടെ ഉദ്ദേശം നിറവേറ്റുവാൻ വേണ്ടതു ചെയ്യുകയാണ് ഒരു കലാകാരന്റെ പ്രധാന കർത്തവ്യം എന്ന തത്വത്തിനാണ് ഫങ്ക്ഷനാലിസം എന്നു പേരിട്ടിട്ടുള്ളത്. ഒരു വീട് പണിയുമ്പോൾ അതിൽ ധാരാളം വായുവും വെളിച്ചവും പ്രവേശിപ്പിച്ചു വാസയോഗ്യമാകും വണ്ണം അതു പണിയണമെന്നതാണ് ശില്പകലയെ സംബന്ധിച്ചുള്ള ഫങ്ക്ഷനാലിസം.

പുരോഗമന സാഹിത്യത്തിലെ ഫങ്ക്ഷനാലിസം സമുദായ വിപ്ലവത്തിന്റെ ആവശ്യകതയെപ്പറ്റി ചിന്തിപ്പിച്ച് മനുഷ്യരെ അതു വരുത്തുവാൻ പ്രേരിപ്പിക്കുക എന്നതാണ്. ജീവിതം തെറിയും തെറിയില്ലായ്മയും ചേർന്ന ഒന്നാണ്. ജീവിതം സദാ പരിവർത്തിച്ചുകൊണ്ട്, അതായത് വിപ്ലവത്തിന് വഴിപ്പെട്ട് ഇരിക്കുന്ന ഒന്നാണ്. തെറിയില്ലെങ്കിൽ ജീവൻ ഉത്ഭവിക്കുന്നതല്ല. ജീവൻ നശിപ്പിക്കുന്ന കൊലപാതകവും, യുദ്ധവും പ്രതിപാദിക്കാമെങ്കിൽ അതിനെ ഉത്ഭവിപ്പിക്കുന്നത് പ്രതിപാദിക്കുവാൻ പാടില്ലെന്ന് നിരോധിക്കുന്നത് ന്യായമാണോ? തെറി ജീവിതത്തിന്റെ ഒരു അംശമാണല്ലോ. അതിനാൽ അതിന്റെ സ്വഭാവത്തിലും കാലാനുസൃതമായ പരിവർത്തനം വരുത്തിയേ മതിയാവൂ. ഇതു വരുത്തുവാൻ അതിനേയും പ്രതിപാദിക്കതന്നെ വേണം. പരിതഃസ്ഥിതിയോട് മനുഷ്യനെ രഞ്ജിപ്പിച്ച് അതിനെ സഹ്യമാക്കുന്ന ഒരു ഉപകരണമാണ് സംസ്കാരമൂല്യം. പരിതഃസ്ഥിതി, ഇന്നു പ്രത്യേകിച്ച് സദാ മാറിക്കൊണ്ടിരിക്കുന്നതിനാൽ, ഫങ്ക്ഷനാലിസതത്വമനുസരിച്ച് സംസ്കാരമൂല്യവും മാറിക്കൊണ്ടിരിക്കേണ്ടതാണ്.

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു. തെറിയും തെറിയില്ലായ്മയും കലർന്നതാണല്ലോ ജീവിതം. പിന്നെ എന്തിന് ചില പുരോഗമനസാഹിത്യകാരന്മാർ തെറി മാത്രം ചിത്രീകരിക്കുന്നു? അമ്മയും സഹോദരിമാരും ഒന്നിച്ചിരുന്നു വായിച്ചു രസിക്കുവാൻ കൊള്ളാത്ത തെറികൃതികൾ ഇവരിൽ ചിലർ എഴുതിവിടുന്നത് എങ്ങിനെ ന്യായീകരിക്കാം? ഇതിനുള്ള രണ്ടു കാരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കുവാനേ ഇപ്പോൾ സമയമുള്ളൂ. ഇന്നു അധികം പ്രചാരമുള്ള ചെറുകഥ, ചെറുകവിത എന്നീ സാഹിത്യരൂപങ്ങളെ സംബന്ധിച്ചതാണ് ഒന്ന്. ഇവയുടെ ചെറുരൂപം നിമിത്തം തെറിയെപ്പറ്റി മുഖ്യമായി പ്രതിപാദിക്കുന്ന പുരോഗമനസാഹിത്യകാരനു തന്റെ കൃതിയിൽ മറ്റു പല ഭാവങ്ങളും കലർത്തി തെറിയുടെ ശക്തി കുറയ്ക്കാൻ സാധിക്കുന്നില്ല. ഒരേ ഒരു സ്ഥായീഭാവം ഇല്ലെങ്കിൽ ഇവയുടെ സാഹിത്യമേന്മ കുറഞ്ഞുപോകും. നാനാഭാവങ്ങളെ ഉൾക്കൊള്ളിക്കാവുന്ന നോവലുകൾ, ദീർഘ കവിതകൾ മുതലായവ ഭാഷയിൽ ധാരാളമായി ജനിച്ചു തുടങ്ങുമ്പോൾ തെറിയെപ്പറ്റിയുള്ള പരാതി കുറഞ്ഞു വരുന്നതാണ്.

പണ്ടത്തെ സാഹിത്യംപോലെ രസിപ്പിക്കണമെന്ന പ്രധാന ഉദ്ദേശ്യമുള്ള ഒന്നല്ല പുരോഗമനസാഹിത്യം. ചിന്തിപ്പിക്കലാണ് പുരോഗമനസാഹിത്യത്തിന്റെ പ്രധാന ഉദ്ദേശം. മനുഷ്യൻ ചിന്തിക്കുന്ന ജന്തുവാണെന്ന് പറയാറുള്ളതിൽ യാതൊരു വാസ്തവവുമില്ല. രസിപ്പിക്കാനുള്ള സാഹിത്യം വായിക്കുമ്പോൾ അത് അവന്റെ ഒരു ചെവിയിലൂടെ പ്രവേശിച്ച് ഉടനെ തന്നെ മറ്റെ ചെവിയിലൂടെ പുറത്തേയ്ക്കു പോകുന്നു. മനുഷ്യനെക്കൊണ്ട് ചിരിപ്പിക്കണമെങ്കിൽ, അവനിൽ അസുഖം ജനിപ്പിച്ചേ മതിയാവൂ. ലൈംഗികജീവിത പരിവർത്തനം ഉദ്ദേശിക്കുന്നവർ അതിനെ നഗ്നമായി വിവരിച്ചാൽ മാത്രമേ മനുഷ്യനിൽ അസുഖം ജനിക്കുകയുള്ളൂ. സാമാന്യമായ വിപ്ലവാശയം പരത്തണമെന്ന് വിചാരിക്കുന്നവർ അതിനായി ശകാരവും സമരഭാഷയും ഉപയോഗിച്ചു വരുന്നു. ഇതും അസുഖം ജനിപ്പിച്ച് മനുഷ്യനെ ചിന്തിപ്പിക്കുന്നു. ഈ രണ്ടു കൂട്ടരും ഒന്നുപോലെ “ഫങ്ക്ഷനാലിസ” തത്വമനുസരിച്ചാണ് ഇങ്ങിനെ ചെയ്തുവരുന്നത്.

മനുഷ്യർക്ക് ഒരുമിച്ചിരുന്ന് ഒരു സാഹിത്യകൃതി വായിച്ചു രസിക്കുവാൻ കഴിയും. എന്നാൽ ഒന്നിച്ചിരുന്ന് ചിന്തിക്കുവാൻ സാധിക്കയില്ല. ചിന്തിക്കുമ്പോൾ ഓരോരുത്തരും വ്യക്തിപരമായി മാത്രമേ ചിന്തിക്കാറുള്ളൂ. തെറികൃതികൾ ചിന്തിപ്പിക്കുവാൻ ഉദ്ദേശിച്ച് രചിച്ചിട്ടുള്ളവയാണ്. അതുകൊണ്ട് അമ്മയും സഹോദരിയും ഒരുമിച്ചിരുന്ന് അതു വായിക്കണമെന്ന് അവയുടെ കർത്താക്കന്മാർ ഉദ്ദേശിച്ചിട്ടില്ല. നേരെമറിച്ച് രസിപ്പിക്കുവാൻ രചിച്ചിട്ടുള്ള പഴയസാഹിത്യകൃതികൾ വേണം ഇവർ ഒന്നിച്ചിരുന്ന് വായിക്കേണ്ടതു്.

എന്റെ ഗവേഷണവേലയെപ്പറ്റി അല്പം പറഞ്ഞുകൊണ്ട് ഈ മുഷിപ്പൻ പ്രസംഗം അവസാനിപ്പിക്കാം. ഗവേഷണവേലയ്ക്ക് പൊതുവേ “ഉണക്കശാസ്ത്രീത്വം” എന്നൊരു നല്ലപേരു നമ്മുടെ സരസനായ ഒരു യുവസാഹിത്യകാരൻ ഒരിക്കൽ നൽകുകയുണ്ടായി. നമ്മുടെ യുവസാഹിത്യകാരന്മാരിൽ 99 ശതമാനവും എന്റെ ഗവേഷണലേഖനങ്ങളെ പകർച്ചവ്യാധി പോലെ ഒഴിഞ്ഞു മാറി പോകയാണ് ചെയ്തുവരുന്നത്. എന്റെ പ്രത്യേകതരം ഗവേഷണത്തെപ്പറ്റി നമ്മുടെ സർവകലാശാലയിലെ “ശാസ്ത്രീയ” ചരിത്രഗവേഷകർക്ക് പരമമായ പുച്ഛമാണുള്ളത്. പുരാണങ്ങളിലെ ആ ശാസ്ത്രീയമായ മുത്തശ്ശിക്കഥകളെ ആസ്പദിച്ച് “വായിൽ തോന്നിയതു് കോതയ്ക്ക് പാട്ട്” എന്നമട്ടിൽ പല അസംബന്ധങ്ങളും എഴുതിവിടുന്ന ഒരു മുഴക്കിറുക്കനാണു ഞാനെന്നു ഇവർ വിചാരിച്ചു വരുന്നു. മ്ലേച്ഛരായ അറബികളുടെ ഇന്നലെ കുരുത്ത സംസ്കാരത്തെ, സ്വയംഭൂവും സനാതനവും ലോകോത്ഭവത്തൊടൊന്നിച്ച് ഉദിച്ചതുമായ ആർഷസംസ്കാരത്തിന്റെ ജനനിയാക്കി ഭാരതത്തെ അവമാനിക്കുന്ന ഒരു കൊടുംദ്രോഹിയായി ഇവരിൽ ദേശീയവാദികളായ പണ്ഡിതന്മാർ എന്നെ പരിഗണിച്ചു വരുന്നു.

എന്റെ “ഉണക്കശാസ്ത്രീത്വ”ത്തിന്റെ ഉണങ്ങിയ തൊലിക്കു പിറകിൽ കുറെയധികം പച്ച സാധനം വാസ്തവത്തിലുണ്ട്. ആറ്റംബോംബിന്റേയും നാദതുല്യം വേഗത്തിൽ പായുന്ന എയറോപ്ലേനുകളുടേയും മറ്റും കണ്ടുപിടുത്തങ്ങളോടുകൂടി ദേശീയത്വമെന്ന പഴയ ആശയം ക്ഷയിച്ചു തുടങ്ങുകയും, ഏകലോകം, ഏകഖണ്ഡവ്യാപ്തിയുള്ള രാഷ്ട്രങ്ങൾ എന്ന ആശയങ്ങൾ ഉദിക്കുകയും ചെയ്തിരിക്കുന്നു. ഈ പുതിയ ആശയങ്ങളെ നടപ്പിൽ വരുത്തുവാൻ പ്രാരംഭമായി വേണ്ട മനഃസ്ഥിതി മനുഷ്യരിൽ സ്ഥാപിക്കുവാൻ എന്റെ ഗവേഷണത്തിന്റെ ഫലങ്ങൾ സഹായിക്കാം. ഈ മാനസിക പരിവർത്തനത്തിന് ശേഷം സാമ്പത്തികവും രാഷ്ട്രീയവുമായ ബാധകൾ ഏഷ്യാരാജ്യങ്ങൾ തമ്മിൽ സൃഷ്ടിച്ചാൽ മാത്രമെ അവ ശാശ്വതമായിരിക്കയുള്ളൂ.

അദൃഷ്ടപൂർവ്വമായ കാര്യങ്ങൾ കാണുന്നവനെ കിറുക്കനെന്നു പേരിടുന്നതു് പണ്ടേ മനുഷ്യരുടെ ഒരു സ്വഭാവമാണ്. എന്റെ മുത്തശ്ശിക്കഥാപ്രേമം ഏഷ്യയുടെ ഓരോ രാജ്യത്തിലും നിവസിക്കുന്ന പല മതക്കാരുടെയും പല നരവംശക്കാരുടെയും ഇടയ്ക്കു പരസ്പരം യോജിപ്പും സൗഹാർദ്ദവും വളർത്തുന്നതാണ്. ഏഷ്യയിലെ ഓരോ രാജ്യക്കാരുടെയും ഇടയ്ക്കു തങ്ങളുടെ സ്വന്തം സംസ്കാരത്തെ കുറിച്ചുള്ള ശ്രേഷ്ഠത്വബോധം എന്റെ ഗവേഷണം നശിപ്പിക്കും. ഇതിന്റെ ഫലമായി കിടമത്സരം കൈവെടിഞ്ഞ് ചരിത്രാതീതകാലത്തുണ്ടായിരുന്നതുപോലെയുള്ള ഒരു ഏക ഏഷ്യൻസംസ്കാരം കെട്ടിപ്പടുക്കുന്നതിൽ ഏഷ്യാനിവാസികൾ ശ്രദ്ധിക്കുന്നതുമാണ്.

ആധുനികസംസ്കാരങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് രണ്ടു വിഭിന്നാഭിപ്രായങ്ങൾ ഇന്നത്തെ സമുദായ നരവംശശാസ്ത്രജ്ഞരുടെ ഇടയ്ക്കു നിലവിലിരിക്കുന്നു. മനുഷ്യപ്രകൃതിയുടെ ഏകരൂപതനിമിത്തം പല സ്ഥലങ്ങളിലും ഏറെക്കുറെ ഒരേ സമയത്ത് ഏറെക്കുറെ ഒന്നുപോലെയുള്ള പല സംസ്കാരങ്ങൾ പണ്ടു ജനിച്ചുവെന്നും ഇവയുടെ സന്താനങ്ങളാണ് ഇന്നത്തെ സംസ്കാരങ്ങളെന്നും, ഇവരിൽ ഒരുകൂട്ടർ വിചാരിച്ചുവരുന്നു. ഒരു നാലായിരത്തി അഞ്ഞൂറു വർഷത്തിനു മുൻപ് ഈജിപ്തിൽ ഇന്നത്തെ സംസ്കാരങ്ങളുടെ തള്ള ജനിച്ചുവെന്നും, അവിടെനിന്നും ഇതു ലോകമാസകലം പരന്നുവെന്നും, ഇതിന്റെ സന്താനങ്ങളാണ് ഇന്നുള്ള സംസ്കാരങ്ങളെന്നും ശേഷിച്ച കൂട്ടർ വിശ്വസിച്ചുവരുന്നു. ഈ രണ്ടാമത്തെ കൂട്ടരുടെ വാദമാണ് ശരിയെന്ന് എന്റെ ഗവേഷണങ്ങൾ എന്നെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു. പക്ഷേ, ഇവർ പറയുന്ന ഈജിപ്ത് ഇന്ന് ആ പേരിൽ ലോകർ അറിയുന്ന സ്ഥലം അല്ലെന്നു ഞാൻ കണ്ടു പിടിച്ചിട്ടുണ്ട്. ഈ ഈജിപ്ത് കിഴക്കേ അറേബ്യയാണ്. കൂടാതെ ഇവർ ഈ തള്ളസംസ്കാരത്തിനു നൽകിയിട്ടുള്ള കാലം വളരെ കുറഞ്ഞുപോയെന്നും ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഇതിന് 8100-കൊല്ലത്തെ പഴക്കമാണുള്ളത്. ഇതിനുമുമ്പും സംസ്കാരങ്ങൾ പലതും ഉണ്ടായിരുന്നു. പക്ഷേ, ഇവയെ ഇന്നത്തെ സംസ്കാരങ്ങളോട് ഘടിപ്പിക്കുന്ന ജനകീയ ഐതിഹ്യങ്ങൾ ഇന്ന് നശിച്ചുപോയിരിക്കുന്നു.

□

കേസരി ബാലകൃഷ്ണപിള്ള



പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്ന കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കുടിപ്പള്ളിക്കൂടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐച്ഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ചു വക്കീലായി പ്രാക്റ്റീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജിവെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാലു് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ	രൂപ	238
(119 വീതം ആറു മാസത്തിലൊരിക്കൽ)		
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹറിൻ	ദിനാർ	2
മലേഷ്യ	റിങ്ഗിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014